"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി -ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 238/09 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1667/2024/LSGD തീയതി, തിരുവനന്തപുരം, 10-09-2024

---

പരാമർശം:-
1. സ.ഉ.(പി)നം.32/2019/ധന തീയതി 18/03/2019
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19/01/2023 തീയതിയിലെ കെ10/61322/12 നമ്പർ കത്ത്
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 04/07/2024 തീയതിലെ എ3/895/2009/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ സർവ്വേ നമ്പർ 1675-1-1-ൽപ്പെട്ടതും ശ്രീമതി.ഉദയകുമാരിയുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 00.36 ആർ സ്ഥലം പൊന്നുംവില നിയമപ്രകാരം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.238/2009 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 4,99,851/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തിയൊന്ന് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ-കുമാരപുരം-പൂന്തി-അണമുഖം-എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ സർവ്വേ നമ്പർ 1675-1-1 -ൽപ്പെട്ടതും ശ്രീമതി. ഉദയകുമാരിയുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 00.36 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 238/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 4,99,851/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റിയൊമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തിയൊന്ന് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി ഉദയകുമാരി (D/o എൻ.

ബാഹുലേയൻ, എം.ബി.എസ്. ഭവൻ, കാപ്പിൽ പി.ഒ., ചിറയിൻകീഴ്) എന്നയാൾക്ക് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി ഉദയകുമാരി, D/o എൻ. ബാഹുലേയൻ, എം.ബി.എസ്. ഭവൻ, കാപ്പിൽ പി.ഒ., ചിറയിൻകീഴ് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ. ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/ 194/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 10-09-2024 17:04:42
സെക്ഷൻ ഓഫീസർ